## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4791 — 18-12-2014 -ൽ മറുപടിക്ക്

## കാലവർഷക്കെടുതിയിലെ നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ. ടി.എം. തോമസ് ഐസക്ക്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഈ വർഷമുണ്ടായ കാലവർഷക്കെടുതിയിൽ മൊത്തം എന്തു തുകയുടെ നാശനഷ്ടങ്ങളാണ് കണക്കാക്കിയിരിക്കുന്നത്; | എ) | സംസ്ഥാനത്ത് ഈ വർഷമുണ്ടായ കാലവർഷക്കെടുതിയിൽ 399,98,11,460(മുന്നൂറ്റി തൊണ്ണൂറ്റി ഒമ്പത് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി പതിനൊന്നായിരത്തി നാനൂറ്റി അറുപത് രൂപാ മാത്രം) രൂപയുടെ നാശനഷ്ടങ്ങളാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം കണക്കാക്കിയിരിക്കുന്നത്. |
| ബി) | നഷ്ടം സംഭവിച്ചവർക്കും മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കും എന്ത് സഹായമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | 21.08.2014 ലെ സർക്കാർ ഉത്തരവ് (കൈ) നം. 361/2014/ഡി.എം.ഡി., 30.10.2013-ലെ സ.ഉ.(കൈ) നമ്പർ 478/13/റവ എന്നീ ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി ആശ്വാസ ധനസഹായം നൽകി വരുന്നു. അതനുസരിച്ച് ഭവന നാശം സംഭവിച്ചവർക്ക് നഷ്ടത്തിന്റെ തോത് അനുസരിച്ച് പരമാവധി 2 ലക്ഷം രൂപവരെയും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് 2 ലക്ഷം രൂപവീതവും ധനസഹായം നൽകി വരുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള മറ്റു ധനസഹായങ്ങളും നൽകി വരുന്നു. |
| സി) | നഷ്ടപരിഹാരത്തുക ഇനിയും നൽകാനുണ്ടോ; എങ്കിൽ എത്രപേർക്ക്; ഇതിന് എന്തു തുക വേണ്ടി വരും; | സി) | 39181 പേർക്കായി ആകെ 40,74,56,141/- രൂപ (നാല്പത് കോടി എഴുപത്തിനാലു ലക്ഷത്തി അമ്പത്തി ആറായിരത്തി നൂറ്റി നാല്പത്തിയൊന്ന് രൂപാ മാത്രം) ആശ്വാസ ധനസഹായമായി നൽകുവാനുണ്ട്. |
| ഡി) | കാലവർഷക്കെടുതി നേരിടുന്നതിന് ഈ സാമ്പത്തികവർഷം സർക്കാർ ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ; | ഡി) | ഈ വർഷം ആകെ 199,95,65,291 രൂപ (നൂറ്റി തൊണ്ണൂറ്റി ഒമ്പത് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപാ മാത്രം) കാലവർഷം |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തം നേരിടുന്നതിന് സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| ഇ) | കേന്ദ്രസഹായം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്തു തുകയാണ് ആവശ്യപ്പെട്ടിരുന്നത്; ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ? | ഇ) | 2014-15 ലെ കാലവർഷക്കെടുതിയെത്തുടർന്ന് 399.98 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെയും കേന്ദ്ര സഹായമൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ